## FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
## 20 April 2018
### (03 SHABAAN 1439 AH)

### “THANKS-GIVING TO ALLAH & ADVICES (PART 2)”.
### ദൈവത്തിന് നന്ദിയും നിങ്ങൾക്ക് ചില ഉപദേശങ്ങളും (ഭാഗം 2)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദൈവത്തിന് നന്ദിയും നിങ്ങൾക്ക് ചില ഉപദേശങ്ങളും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ് ! സുമ്മ അൽഹംദുലില്ലാഹ് ! ദൈവീക ദൃഷ്ടാന്തം മനസ്സിലാക്കിയ സ്ത്രീകൾക്കും പുരുഷന്മാർക്കും നല്കുന്ന ഉപദേശങ്ങളുടെ രണ്ടാം ഭാഗം ഈ വെള്ളിയാഴ്ച നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുവാനുള്ള തൗഫീഖ് ചെയ്ത അല്ലാഹുവിനു മാത്രമാണ് സർവ്വസ്തുതിയും !

തുറന്നു പറയാമല്ലോ ! ആരെയെങ്കിലും നേർപാതയിൽ നയിക്കുക എന്നത് എളുപ്പമുള്ള ഒരു കാര്യമല്ല. എന്നാൽ ഇത് സമുന്നതമായ ഒരു സദാചാര പ്രവർത്തിയാകുന്നു. എന്നാൽ ഇത് ലോകമെങ്ങും പ്രാവർത്തികമാക്കേണ്ടത് ജമാഅത്തിന്റെ ഉത്തരവാദിത്വമാണ്. ജമാഅത്തിലെ അംഗങ്ങൾ ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ പങ്കെടുക്കുക എന്നതു മാത്രമല്ല, ഇത്തരം ക്ഷേമകാര്യങ്ങൾ സ്വയം ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള ഭാരം സ്വന്തം ചുമലുകളിലേറ്റുകയും, അങ്ങനെ ഉത്തരവാദിത്വമുള്ള പൗരന്മാരായി തീരുകയും ചെയ്യേണ്ടതാണ്. ഒരു ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെ, ഒരു വ്യക്തിയുടെ വീക്ഷണം മഹോന്നതമായി മാറുന്നു. ഇതി

ലൂടെ അവരുടെ അറിവ്, ആഴമുള്ളതായിതീരുന്നു. അതിലൂടെ അവർ നിപുണന്മാരായി തീരുന്നു.  അവരുടെ ചിന്താശക്തിയും വിപുലമാകുന്നു. അങ്ങനെ അവരെ ഇത് സ്വതന്ത്ര വ്യക്തികളാക്കി മാറ്റുന്നു. ഇതിലൂടെ ആശയങ്ങളെ നല്ല നിലയിൽ പ്രയോഗവൽക്കരിക്കുവാൻ സാധിക്കുന്നു. അങ്ങനെ വരും കാലങ്ങളിൽ നമ്മുടെ ജമാഅത്തിനെ സംസ്ക്കരിക്കുവാനും കഴിയുന്നു. ഇത് അവരുടെ വ്യക്തിത്വത്തെ വികാസമുള്ളതാക്കി തീർക്കുകയും അവരുടെ ദീനുമായി അവരെ ചേർത്തു നിർത്തുകയും ചെയ്യുന്നു.

നമ്മുടെ ജമാഅത്തിലെ വിവിധ ശാഖകളുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ എന്ന പേരിലായാലും ശരി അഥവാ ഏതു തരത്തിലുള്ള ഉത്തരവാദിത്വങ്ങൾ അവരുടെ മേൽ ഏല്പിച്ചാലും ശരി, ഉത്തരവാദിത്വ നിർവ്വഹണത്തിനു മുൻപ് അവർക്ക് ആവശ്യമായ പരിശീലനം നല്കേണ്ടതാണ്. എങ്കിൽ മാത്രമെ പിന്നീട് അവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ശരിയായ നിലയിൽ നിർവ്വഹിക്കുകയുള്ളു. ജമാഅത്തിന്റെ ഉന്നതസ്ഥാനത്ത് സ്വാത്തികരും വിശ്വസ്തരുമായവരായിരിക്കണം ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവിന്റെ സഹായത്താൽ മുഴുവൻ ഇസ്ലാമിക വ്യവസ്ഥയേയും അത്തരം ആളുകൾ സമഭാവനയോടെ കൈകാര്യം ചെയ്യുവാൻ കഴിവുറ്റവരായിരിക്കണം. ഇല്ലെങ്കിൽ അവൻ ജീവനില്ലാത്ത ഒരു ചെടി പോലെയാണ്. സ്വാതികത, സത്യസന്ധത, എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമായ അല്ലാഹുവിനോടുള്ള സമ്പൂർണ്ണഭയം, ആദരവ് ഇവ ഇല്ലെങ്കിൽ അവൻ വഴി തെറ്റി പോകുന്നതാണ്.

അതുകൊണ്ട് ജീവിതത്തിൽ നേരത്തെ തന്നെ യുവാക്കൾക്ക് ഉത്തരവാദിത്വങ്ങൾ നല്കുന്നതിലൂടെ, അല്ലാഹുവിന്റെ  മാർഗത്തിൽ അവരുടെ സാധനസമഗ്രികൾ നല്ല നിലയിൽ ഉപയോഗിക്കുവാൻ, അവരെ പ്രാപ്തരാക്കും. അതിലൂടെ അവർ അവരുടെ ഉദ്ദേശലക്ഷ്യം മനസ്സിലാക്കുകയും അവർ എന്തു ചെയ്താലും അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുവാൻ അവർ കഠിനമായി യത്നിക്കുന്നതുമാണ്. ഓർക്കുക ! സാത്താൻ മനുഷ്യന്റെ കഠിന ശത്രുവാണ്. ജീവിതത്തിലെ പല രംഗങ്ങളിലും നിങ്ങളെ വഴി തെറ്റിക്കുവാൻ അവനും അവന്റെ സൈന്യവും ശ്രമിക്കുന്നതാണ്. അവന്റെ ദുർബോധനങ്ങളിൽ നിന്നും,

ക്ഷണങ്ങളിൽ നിന്നും നിങ്ങൾ വഴി മാറി നടക്കുകയും നിങ്ങൾ നിങ്ങളുടെ ശ്രദ്ധ മുഴുവൻ അല്ലാഹുവിലും അവന്റെ സ്നേഹത്തിലും അവന്റെ സത്യത്തിലും കേന്ദ്രീകരിക്കുകയും ചെയ്യുക. എല്ലായ്പ്പോഴും ശരിയായ പാതയിലൂടെ സഞ്ചരിക്കുക. പ്രസ്തുത സഞ്ചാരം എത്ര കഠിനതരമായാലും ശരി ! എന്നാൽ ഞാൻ ഉറപ്പു തരുന്നു. ഈ മുള്ളു നിറഞ്ഞ പാതയിൽ അവസാനം നിങ്ങൾ മഹോന്നതമായ പ്രതിഫലങ്ങൾ വാരിക്കൂട്ടുന്നതാണ്. നിങ്ങൾ മനസ്സിലാക്കുക ! നിങ്ങളുടെ ത്യാഗം ഒരല്പ കാലത്തേക്കാണ്. എന്നാൽ നിങ്ങളുടെ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നത് എന്നത്തേക്കുമുള്ളതാകുന്നു. ഇപ്പോൾ, ഇനി, നിങ്ങളാണ് തീരുമാനിക്കേണ്ട്ത് നിങ്ങൾ ഏതു പാതയിലൂടെയാണ് സഞ്ചരിക്കേണ്ടതെന്ന് ! നാശത്തിന്റെ പാതയിലൂടെയോ അതോ മോക്ഷത്തിന്റെ പാതയിലോ !

ഓർക്കുക ! നിങ്ങളുടെ കുട്ടികളുടെ പരിശീലനം !നമ്മുടെ ജമാഅത്തിന്റെ ഭാവിയുടെ ശോഭനമായ ഘടകം, വളരെ നേരത്തെ ആരംഭിക്കേണ്ടതാകുന്നു. ജനനം മുതൽ മരണം വരെ. എന്നാൽ രക്ഷിതാക്കൾ ഔദ്യോഗികമായി വാഗ്ദാനങ്ങളൊന്നും ജമാഅത്തിനകത്ത് രേഖപ്പെടുത്തേണ്ടതില്ല. അതായത് തങ്ങൾക്ക് ജനിക്കുന്ന കുട്ടികളെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനു വേണ്ടി ദൈവ മാർഗത്തിൽ അർപ്പണം ചെയ്യുന്നതാണ് എന്നും മറ്റും ! ഇത്തരം ഒരു ഉദ്ദേശം നിങ്ങളുടെ ഉള്ളിലുണ്ടെങ്കിൽ, നിങ്ങൾ നിങ്ങളുടെ മക്കളെ ഇസ്ലാമിക അധ്യാപനങ്ങളിൽ വളർത്തിക്കൊണ്ടു വരുക. അവരെ ദൈവസ്നേഹമുള്ളവരായി വളർത്തുക, പ്രവാചകന്മാരോട് സ്നേഹമുള്ളവരായി വളർത്തുക, ഖുർആനോട് സ്നേഹമുള്ളവരായി വളർത്തുക. ഇസ്ലാമിനോട് സ്നേഹമുള്ളവരായി വളർത്തുക, നമ്മുടെ ജമാഅത്തിനോട് സ്നേഹമുള്ളവരായി വളർത്തുക.

നിങ്ങൾ ഒരു ചെറിയ ഇബ്റാഹീം (അ) ആയി തീരുക. നിങ്ങളുടെ കുട്ടികളെ ചെറിയ ഇസ്ലമായീൽ (അ) ആക്കി മാറ്റുക. ഇസ്മായിൽ (അ) വിവേചിച്ചറിയുവാനുള്ള പ്രായമെത്തിയപ്പോൾ താൻ കണ്ട സ്വപ്നത്തെക്കുറിച്ച് ഇബ്റാഹീം (അ) പറയുകയുണ്ടായി. ഇസ്മായീൽ (അ) ന്റെ അഭിപ്രായം ഈ കാര്യത്തെക്കുറിച്ച് എന്താണെന്ന് ആരായുകയുണ്ടായി. അഥവാ ഈ കാര്യ

ത്തിൽ മകന്റെ തീരുമാനം എന്താണെന്നു ചോദിച്ചു അറിയുകയുണ്ടായി. അപ്പോൾ ഹസ്രത് ഇസ്മായീൽ (അ)തന്റെ പിതാവിനോട് പറയുകയുണ്ടായി. അല്ലാഹു എന്താണോ സ്വപ്നത്തിലൂടെ കാണിച്ചത് അത് ചെയ്യുക. ആയതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ ഒരു കുട്ടിയെ അർപ്പണം ചെയ്യുക എന്നതു സംബന്ധമായ കാര്യത്തിൽ നിങ്ങൾ ഇബ്റാഹീം (അ) ഉം ഇസ്മായീൽ (അ) ഉം ചെയ്തതുപോലെ ചെയ്യുക.

വഖ്ഫെ നൗ എന്ന പദ്ധതിയിലൂടെ ജമാഅത്ത് അഹ്മദിയ്യാ ചെയ്ത ഭയാനകമായ തെറ്റ് എല്ലാ നിലയിലും നിങ്ങൾ ഉപേക്ഷിക്കുക. ഒരു കുട്ടി ജനിക്കുന്നതിനു മുൻപ് തന്നെ അഥവാ ജനിച്ച ഉടനെ തന്നെ, അവർ അർപ്പണം ചെയ്യുന്നത് അവരുടെ ഖലീഫയെ തൃപ്തിപ്പെടുത്തുവാനാണ് (ഖലീഫത്തുൽ മസീഹ്) ഇന്ന് വഖ്ഫെ നൗ പദ്ധതിയിലൂടെ അർപ്പണം ചെയ്തവരിൽ നിന്നും നമുക്ക് കിട്ടിയ ഫലം, തീർച്ചയായും, വളരെ കുറഞ്ഞ ഒരു ശതമാനം മാത്രമാണ് (ആദ്യം വാഗ്ദാനം ചെയ്തിൽ നിന്നും) ലഭ്യമായിട്ടുള്ളത്, വിശിഷ്യാ മൗറിഷ്യസിൽ ! പ്രായപൂർത്തി എത്തിയാൽ അവരെ നിർബന്ധിക്കരുത്. പകരം നിങ്ങൾ അവരുമായി (മകൻ, മകൾ) ഇക്കാര്യത്തെക്കുറിച്ച് കൂടുതലായി സംസാരിക്കുക. എന്നിട്ട് മകൻ അഥവാ മകൾ തീരുമാനിക്കട്ടെ, ദൈവമാർഗത്തിലുള്ള ജോലി ചെയ്യണമോ വേണ്ടയോ ? പണ്ട് ചെയ്ത തെറ്റുകളെ കുറിച്ചോർക്കുക, അവർ അത് ആവർത്തിക്കുവാൻ ഇടവരരുത്. നവജാതശിശുക്കളെ നിങ്ങൾ ദൈവമാർഗത്തിൽ അർപ്പണം ചെയ്യാമെന്ന് വാഗ്ദാനം ചെയ്യരുത്. കാരണം അപ്പോൾ അവർക്ക് അവരുടെ തീരുമാനം പ്രകടിപ്പിക്കുവാനുള്ള നാവില്ല. ഹസ്രത് മർയം (റ) ന്റെ മാതാവിനെ പോലെയാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ കുട്ടിയെ ദൈവമാർഗ്ഗത്തിൽ അർപ്പണം ചെയ്യുവാനുള്ള ഒരാഗ്രഹം ഉണ്ടെങ്കിൽ, അപ്പോൾ ആ കാര്യം നിങ്ങൾക്കും അല്ലാഹുവിനുമിടയിലുള്ള ഒരു കാര്യമാണ്. നിങ്ങളുടെ പ്രാർത്ഥന അല്ലാഹു (ത) സ്വീകരിച്ചേക്കാം. അല്ലെങ്കിൽ സ്വീകരിക്കാതിരിക്കാം അതവനാണ് തീരുമാനിക്കുന്നത് (നിങ്ങൾ മനസ്സിലാക്കണം, ദുആ സ്വീകരിക്കുന്നത് സംബന്ധമായി ചില പ്രത്യേക വ്യവസ്ഥകൾ പൂർത്തിയാക്കേണ്ടതുണ്ട്, അതിന് ഇരുവരും മർയം (റ) യും അവരുടെ

മാതാവും വഴിപ്പെടേണ്ടതായിട്ടുണ്ടായിരുന്നു. വിശിഷ്യാ അവർ ഇരുവരും പരിശുദ്ധമായ സ്ഥലങ്ങളിൽ ഏകാന്തതയിൽ വസിക്കുകയും സമ്പൂർണ്ണമായും അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി കഴിയുകയും ഉണ്ടായി. എന്നാൽ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതത്തിലുടനീളം ത്യാഗം വരിച്ചുകൊള്ളാമെന്ന് നിങ്ങളുടെ മക്കൾക്കു വേണ്ടി നിങ്ങൾ ഒരു തീരുമാനമെടുക്കരുത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, സഹായത്താൽ അത് സ്വയമേവ വന്നു കൊള്ളട്ടെ. അതിനായി നിങ്ങൾ നല്ല നിലയിൽ അല്ലാഹുവിന്റെ വഴിയിൽ നിങ്ങളുടെ പുത്രന്മാരെയും, പുത്രീമാരെയും വളർത്തുക. നല്ല നിലയിലുള്ള അവരുടെ വളർച്ച, അല്ലാഹുമായുള്ള അരക്കിട്ടുള്ള ബന്ധം അപ്പോൾ അവരുടെ തീരുമാനം അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസൃതമായിരിക്കാം അതവർക്ക് ഏറ്റവും ഉത്തമവുമായിരിക്കും.

ആയതിനാൽ ഞാൻ എല്ലാ സിറാജ് മാക്കിൻ പ്രവർത്തകരെയും ഉപദേശിക്കുകയാണ്. അവരുടെ കുട്ടികളുടെ പരിശീലനം അവർ ആരംഭിക്കട്ടെ ! നമ്മുടെ ജമാഅത്തിലെ എല്ലാ കുട്ടികൾക്കും, യുവാക്കൾക്കും, യുവതികൾക്കും കഴിയുന്നതും നേരത്തെ തന്നെ പരിശീലനം ആരംഭിക്കട്ടെ ! പരിശീലനം നല്കുന്നവരും, നല്കപ്പെടുന്നവരും നിസ്സംശയം രണ്ട മേഖലകളിൽ തന്നെയാണ്. സാധാരണ പരിശീലനം ഒരാൾക്ക് നേരിട്ട് സിറാജ് മാക്കിൻ പകർന്നു നല്കുമ്പോൾ, അതിന് ദൈവീകാനുഗ്രഹത്തിൽ നിന്നുള്ള പ്രതിഫലം നല്കുന്നതാണ്. എന്നാൽ സിറാജ് മാക്കിൻ പ്രസ്തുത പരിശീലനം മറ്റാളുകളിലൂടെ നല്കപ്പെടുമ്പോൾ പോലും, അപ്പോഴും അവർക്ക് സമ്പൂർണ്ണമായ ദൈവീക അംഗീകാരം ലഭിക്കുന്നതാണ്. മറ്റുള്ളവരെക്കൊണ്ട്, നിങ്ങൾ ഒരിക്കൽ കാര്യങ്ങൾ ചെയ്യിക്കുവാൻ തയ്യാറാകുമ്പോൾ, ഈ പ്രക്രീയയിൽ നിങ്ങൾ നിങ്ങളുടെ സമയത്തെ ത്യാഗം ചെയ്യുമ്പോൾ, നിങ്ങളുടെ ധനത്തെ ചെലവിടുമ്പോൾ, നിങ്ങളുടെ ആത്മീയ വളർച്ചയ്ക്ക് തടയിടുവാൻ, വേഗത കുറയ്ക്കാൻ, ഒരാൾക്കും സാധ്യമല്ല. ആയതിനാൽ സിറാജ് മാക്കിൻ മാനേജ്മെന്റിന്റെ കടമയാണ്, ഇളം പ്രായക്കാർക്ക് അർഹമായ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുക എന്നത്. മതപരമായ മഹത്തായ പശ്ചാത്തലം ഒരുക്കി കൊടുക്കുക. അവർ പ്രവർത്തി

ക്കട്ടെ ! ചെറുപ്പാക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക. അവരുടെ സമയവും അവരുടെ കഴിവും ഏറ്റവും നല്ല പ്രവർത്തനങ്ങൾ ചെയ്യുവാനായി ! വിശ്വാസ സംരക്ഷണത്തിനായി അവരിൽ വന്നു ചേർന്നിരിക്കുന്ന സന്തോഷത്തെ തിരിച്ചറിയുക. അങ്ങനെ അവർ അനസ്യൂതം സന്തോഷപൂർവ്വം അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റട്ടെ ! ചെറിയ പെൺകുട്ടികൾക്ക് ചെറിയ ചെറിയ ജോലികൾ ഏല്പിക്കുക. അങ്ങനെ അധ്യാപകനും (ട്രെയ്നർ) വിദ്യാർത്ഥിയും (ട്രെയ്നീ) തമ്മിലുള്ള വ്യത്യാസം ലഘൂകരിച്ചു കൊണ്ടു വരുവാൻ കഴിയും. അങ്ങനെ നമ്മുടെ പ്രവർത്തന പട്ടിക വിഭജിക്കപ്പെടുന്നു. സമുദായത്തിലെ യുവജനവിഭാഗം നിരന്തരമായ പ്രവർത്തന പ്രക്രിയയിൽ പ്രവർത്തന ചക്രമായി മാറുന്നു.

കൂടുതൽ നന്നായി കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സിറാജ് മാക്കിനെ കൂടുതൽ പ്രവർത്തകരെ ആവശ്യമാണ്. നമ്മുടെ പ്രസ്ഥാനത്തിന് കൂടുതൽ മേന്മയും നേട്ടവും കൈവരിക്കാനായി, സിറാജ് മാക്കിൻ അവരുടെ പ്രവർത്തനമേഖലെയ വിപൂരികരിക്കേണ്ടതുണ്ട്. എന്നിട്ട് ഇളം തലമുറയ്ക്ക് സ്വന്തമായി ചെയ്യുവാനുള്ള കുറെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കേണ്ടതുണ്ട്. ഇതു മൂലം വിവിധ ഗ്രൂപ്പുകൾക്ക് അവരവരുടെ മേഖല മെച്ചപ്പെടുത്തുവാനുള്ള അവസരമുണ്ടാകുന്നു. നിശ്ചലത ഒഴിവാകുന്നു. ഇളം തലമുറ അവരവരുടെ പ്രവർത്തനങ്ങളിൽ അല്ലാഹു (ത) എങ്ങനെയാണ് അനുഗ്രഹങ്ങൾ ചൊരിയുന്നത് എന്ന് മനസ്സിലാക്കുന്നു. അങ്ങനെ അവർ ഇസ്ലാമിക അധ്യാപനങ്ങളുടെ യഥാർത്ഥ സത്ത ഉൾക്കൊണ്ട് പ്രവർത്തനനിരതരായി തീരുന്നു.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ പെൺകുട്ടികൾ നമ്മുടെ മതപരമായ ശാഖയിൽ ചേരുകയും അവർക്കു നല്കുന്ന സേവന അവസരങ്ങൾ പ്രയോജനപ്പെടുത്തി വ്യക്തിപരമായും കൂട്ടായും സമുദായ സേവനം ചെയ്യേണ്ടതാണ്. നമ്മുടെ കുട്ടികൾക്ക് നാം മനസ്സിലാക്കികൊടുക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം മാനവ സമൂഹത്തിന്റെ അതി മഹത്തായ പാരമ്പര്യം മറ്റുള്ളവർക്ക് സേവനം ചെയ്യുക എന്നതാണ്. ഈ സേവനങ്ങളിലധികവും വിശ്വാസാധിഷ്ഠതമാണ്. ഈ പരിപാടി ശരിക്കും പ്രവർത്തനവും

വിശ്വാസാധിഷ്ഠിതവുമാണ്. ഈ പരിപാടി ശരിക്കും പ്രവർത്തന ക്ഷമമായാൽ, അനുഗ്രഹീതവും ശോഭനവുമായ ഭാവിയുടെ തുടക്കമായിരിക്കുമത്.

ഇനി, ഇതാ നമ്മുടെ പുരുഷന്മാർക്കായി ചില ഉപദേശങ്ങൾ. കഴിഞ്ഞ ആഴ്ചയിലെ പ്രസംഗത്തിൽ നിന്നും പർദ്ദ സംബന്ധമായ എന്റെ വിശദീകരണത്തിന്റെ സംഗ്രഹം ഇതാണ്. അവരെ വിലകുറഞ്ഞ അടിമാകളാക്കുവാനും, പുരുഷ ചൂഷണത്തിനും വേണ്ടി പർദ്ദ ആചരിക്കുവാൻ ഇസ്ലാം സ്ത്രീകളോട് കല്പിക്കുന്നില്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. മറിച്ച് സ്ത്രീകളോടുള്ള ദൈവീക കല്പന അവരുടെ ചാരിത്രത്തെ സംരക്ഷിക്കുന്നതിനു ലക്ഷ്യം വെച്ചുള്ള പ്രവർത്തിയായിട്ടാണ്. പുരുഷന്മാർക്ക് വിടുപണിചെയ്യുന്നവരാക്കി തീർക്കുക എന്നതല്ല എന്ന് നിങ്ങളറിയണം. ദൈവ ദൃഷ്ടിയിൽ പുരുഷനും സ്ത്രീയും തുല്യരാണ്. സ്ത്രീയും പുരുഷനും എന്ന നിലയിൽ ശാരീരികമായ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ പോലും, അതുകൊണ്ട് തന്നെ അവരുടെ പ്രവർത്തന മേഖലകളും വിവിധങ്ങളായിരിക്കുന്നു. ഇക്കാരണത്താലാണ് അവരുടെ അടിസ്ഥാനപരമായ ഉത്തരവാദിത്വങ്ങളും, പ്രവർത്തനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നത്. ഇസ്ലാമിക നിയമ വ്യവസ്ഥിതിയിൽ ചില ഭിന്നമായ നടപടികൾ ഏർപ്പെടുത്തിയിരിക്കുന്നത് ലിംഗത്തെ അടിസ്ഥാനമാക്കിയാണ് പുരുഷനെയും സ്ത്രീയേയും വെവ്വേറെ പരിഗണിക്കുന്നത്.

ഈ വിഭിന്നമായ സമീപനം, തെളിവില്ലാതെ ഉറപ്പിച്ചു പറയുന്ന തത്വങ്ങളാലാകരുത്. പുരുഷമേധാവിത്വത്തിന്റെ വിശ്വാസത്താലുമാകരുത്. എന്നാൽ മനുഷ്യവകാശങ്ങൾ പരിഗണിക്കുമ്പോൾ, പുരുഷനും സ്ത്രീയും തമ്മിൽ യാതൊരു വ്യത്യാസവും പാടില്ല. ഇത് പറയുന്നതിൽ എനിക്ക് അതിയായ വേദനയുണ്ട്. നമ്മുടെ സമൂഹത്തിൽ നില നില്ക്കുന്ന ജീർണ്ണാവസ്ഥ മൂലം, ചില പുരുഷ ഏകാധിപതികൾ, സ്ത്രീകളുടെ അവകാശങ്ങൾക്ക് വളരെ കുറച്ച് പരിഗണനയെ നല്കുന്നുള്ളു. അവരെ സംബന്ധിച്ചിടത്തോളം, സ്ത്രീകൾ കുട്ടികളെ ഉല്പാദിപ്പിക്കുന്ന യന്ത്രങ്ങൾ മാത്രമാണ്. മാത്രവുമല്ല അവരെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ അവരുടെ (ഭർത്താക്കന്മാരുടെ) സന്തോഷത്തിനായി എല്ലാവിധ ക്ലേശങ്ങളും അനുഭവിക്കേണ്ടവരാണ്. പുരുഷസമൂഹം

അവരുടെ മേൽ ഏല്പിക്കുന്ന പരുഷമായ പ്രവർത്തനങ്ങൾക്ക് അവർ ഒരിക്കലും പരാതിപ്പെടാൻ പാടില്ല. അവർ മിണ്ടാ പ്രാണിയെ പോലെ വർത്തിക്കേണ്ടവരാണ്. ഇവർ കരുതുന്നു അവർക്ക് അവരുടെ ഭാര്യമാരെ (സ്ത്രീകളെ) തല്ലി ചതയ്ക്കുവാനുള്ള അവകാശമുണ്ടെന്ന് ! തികച്ചും ബലഹീനമായ ഒഴികഴിവ് ഉപയോഗപ്പെടുത്തികൊണ്ട് ! ഇസ്ലാമിൽ ഇത്തരം അനേകം സംഭവങ്ങൾ അരങ്ങേറുന്നു. ഇത്തരം സാഹചര്യം നടമാടുന്നതിൽ എന്റെ ഹൃദയം അതിയായി വേദനിക്കുന്നു. (ജമാഅത്തിനകത്തും പുറത്തും) ഇത്തരം പ്രവർത്തനങ്ങൾ തെമ്മാടികളുടെ പ്രവർത്തിയാണ്. അവർ അവരുടെ മാതാക്കളുടെ കാല്പാദങ്ങളിൽ നിന്നും വഴുതി സ്വർഗ്ഗത്തിൽ പോകുന്നതിന് പകരം അവർ നരകത്തിൽ പ്രവേശിക്കുന്നു. അവർ സ്ത്രീകളുടെ അവകാശങ്ങളെ ധ്വംസിക്കുന്നു. അവരങ്ങനെ ദൈവകോപത്തിന്റെ ആവരണം അണിയുന്നു. അവർ ഏകാധിപതികളാണ്. ഇസ്ലാമിന്റെ സുന്ദര നാമത്തിൽ കരിവാരി തേക്കുകയാണവർ. അവരുടെ തെമ്മാടിത്തരം കാരണമായി. ഇത്തരം വ്യക്തികൾ യഥാർത്ഥത്തിൽ വിഡ്ഢിക്കോലങ്ങളുടെ പ്രതീകങ്ങളാണ്. നമ്മുടെ സാമൂഹ്യ വ്യവസ്ഥയെ അവർ പിച്ചിച്ചീന്തുന്നു അതുകൊണ്ട് ഇസ്ലാം പുരുഷ മേധാവിത്വത്തിന്റെ മതമാണന്ന് ആക്ഷേപിക്കുന്നു. മുസ്ലിം പരിഷ്ക്കാരവും , സംസ്ക്കാരവും, അവരുടെ വീക്ഷണത്തിൽ, സ്ത്രീകളെ തരം താഴ്ത്തുന്നതാണ്. അപമാനത്തിന്റെ അടിത്തട്ടിൽ വലിച്ചെറിയുന്നതാണ്. മുസ്ലിം സ്ത്രീ ഏകാധിപത്യത്തിന്റെ തേരിലെ ചക്രങ്ങളിൽ ബന്ധിതരാണ്. അടിച്ചമർത്തപ്പെട്ടവരാണ്, ആചാരങ്ങളുടെ വിലങ്ങുകളിലാണവർ, മുസ്ലിം പുരുഷന്റെ കാല്പാദങ്ങളിൽ ശാശ്വതമായി പൂട്ടി ഇടപ്പെട്ടവരാണ് എന്നാണവർ കരുതുന്നത്.

ഇൻശാ അല്ലാഹ് ! അടുത്തയാഴ്ച ഇതേ വിഷയം തുടരുന്നതാണ്. അതുവരെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും ഇതേപറ്റി ഗാഢമായി ചിന്തിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളും, നിങ്ങളുടെ സ്വഭാവങ്ങളും നിങ്ങളുടെ ഭാര്യയോട്, മാത്രമല്ല സമൂഹത്തോടും ! ഓർക്കു ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും ദൈവീക ദൃഷ്ടാന്തവും അംഗീകരിച്ചിരിക്കുന്നു എന്നു പറയുന്നവരുടെ സ്വർഗ്ഗത്തിലേക്കുള്ള പാസ്പോർട്ടല്ല ജമാഅത്തുസ്സ

ഹീഹിൽ ഇസ്സാം ആശ്ലേഷണം ! നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങൾ നന്നാക്കണം, സംസ്ക്കരിക്കണം, നിങ്ങളുടെ സ്വഭാവം നന്നാക്കണം, ഏറ്റവും പരിശുദ്ധമായ അവസ്ഥയിലേക്ക് നിങ്ങളെ നിങ്ങൾ സ്വയം പരിവർത്തന വിധേയമാക്കണം. എല്ലാം അല്ലാഹുവിന്റെ തൃപ്തിക്കായി ! ഈ വീനിതന്റെ വരവിനെ അംഗീകരിക്കുകയും ഖലീഫത്തുല്ലായായി സ്വീകരിക്കുകയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്തു എന്നതു കൊണ്ട് ഒരു പ്രയോജനവുമില്ല നിങ്ങൾ നിങ്ങളെ സ്വയം സംസ്ക്കരിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ സ്വഭാവം നന്നാക്കുന്നില്ലെങ്കിൽ, ഇസ്ലാമിന്റെ ആശയങ്ങൾക്കനുസൃതമായി നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്നില്ലെങ്കിൽ, നിങ്ങളുടെ മാതാപിതാക്കളോട് ദയാവായ്പോടെ പെരുമാറുന്നില്ലെങ്കിൽ, കുട്ടികളോട് നല്ലനിലയിൽ പെരുമാറുന്നില്ലെങ്കിൽ ബന്ധുക്കളോടും അപ്രകാരം തന്നെ, അയൽവാസികളോടും, വിശ്വാസ സഹോദരീസഹോദരന്മാരോടും മുഴുവൻ മാനവകുലത്തോടും (നല്ല നിലയിൽ വർത്തിച്ചാൽ മാത്രമെ നിങ്ങൾക്ക് സ്വർഗ്ഗകവാടം തുറക്കപ്പെടുകയുള്ളൂ) നിങ്ങൾക്ക് ഓരോത്തർക്കും സാത്താനിക സ്വാധീനം അതി ജയിക്കുവാനും ഭൂമിയിൽ ഇസ്ലാമിന്റെ ജീവിക്കുന്ന മാതൃകയായി തീരുവാനും സർവ്വശക്തൻ തുണയ്ക്കട്ടെ ! ആമീൻ

**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**